സെന്റ് ജോസഫ്സ് ജി എച്ച് എസ്
മുണ്ടക്കയം



# ഡിജിറ്റൽ മാഗസിൻ

2022-2025

## ഇതളുകൾ

# ഇതളുകളിലൂടെ............


1.കവിത– പ്രകൃതിയാണമ്മ

2.കവിത– അരുതേ കൂട്ടരേ

3.കവിത–കന്നികിടാവ്

4. കഥ –ജീവന്റെ ശ്വാസങ്ങൾ

5. കവിത–പുഴ

6. പ്ലാസ്റ്റിക് മലിനീകരണം 5 വസ്തുതകൾ

7. കവിത –സ്വപ്നം

8. കഥ –കാക്കയുടെ അത്യാഗ്രഹം

9. ഉപന്യാസം –ശാസ്ത്ര സാങ്കേതിക വിദ്യ

10.കവിത –മനസ്

11.കൊളാഷ് – വെള്ളപൊക്കം

12. നമ്പർ പാറ്റേൺ

13.ഉപന്യാസം – പ്രകൃതിദുരന്തങ്ങൾ

14.കുസൃതിച്ചോദ്യങ്ങൾ

15.കവിത–മഴ

16.കൊളാഷ്– വനങ്ങൾ

17.കഥ– ഇലവുമരം

18.കവിത– അമ്പിളി അമ്മാവൻ

19.കവിത–SMILE

20.കൊളാഷ് –ബാലവേല

21.കവിത –കാവ്

22.ഓർമ്മകൾ

23.കൊളാഷ് –പ്രകൃതിദുരന്തങ്ങൾ

24.കവിത –മരങ്ങൾ മനുഷ്യനന്മക്ക്

25.കൗതുകലോകത്തിലേക്ക്

26.കവിത –മനസ് മാറ്റങ്ങളുടെ കാലം


27.മെഷീൻ ഭാഷ

28.ഡിജിറ്റൽ പെയിന്റിംഗ്

29. നമ്പർ പാറ്റേൺ

30. കവിത –എന്റെ പൂവ്

അക്ഷരങ്ങൾ
വായിക്കാൻ വേണ്ടി നീ തല കുനിക്കുക
എങ്കിൽ സമൂഹത്തിന് മുമ്പിൽ
നിനക്ക് തല ഉയർത്തി നിൽക്കാം



# പ്രകൃതിയാണമ്മ



കൊല്ലരുതമ്മയെ
അമ്മയെ കൊല്ലുകിൻ  നീ
സ്വയം കൊല്ലും
പുലരിയിൽ പറയാതെ
ഉണർത്തി
വിശ്രമവേളയിൽ
രാവുവരുന്നു
പച്ചപ്പുങ്കുട
വിടർത്തിനിൽക്കുന്ന
നന്മമരങ്ങൾ
മുറിക്കരുതേ
കിളികൾക്കെല്ലാംഅഭയമാവും
തളിർമരവും വെട്ടരുതേ .....

ആദിത്യ അജി

# അരുതേ കുട്ടരേ !



കൊല്ലരുതമ്മയെ
അമ്മയെ കൊല്ലുകിൽ
നീ സ്വയം കൊല്ലും

അരുതേ കുട്ടരേ !
പ്രകൃതി നമുക്ക് ജീവശ്വാസം

അരുതേ കുട്ടരേ !
മരങ്ങൾ നശിപ്പിക്കല്ലേ
മരമാണ് ജീവൻ
മരമാണ് ശ്വാസം

ലിൻസ ജെയിംസ്



# കന്നിക്കിടാവ്

വിഷുപുലരിയിൽ
കൈനീട്ടവുമായി
കണികൊന്നയുമായി
കാണുവന്നെത്തും
കാൺകിടാവ് നീ
മേട പുലരിൽ
വിഷുപക്ഷിയായി
സംക്രമം പാടി
കണികാണുവാനെത്തും
കണ്ണിക്കിടാവു നീ
ഭസ്മകുറി തൊട്ട്
ഈറനണിഞ്ഞു
ഈഴറ്റം കെട്ടി
കതിരുച്ചുടി
കണികാണാൻ എത്തും
കണ്ണിക്കിടാവ് നീ
കണ്ണുപൊത്തി
വടക്കിനിയിൽ
വഴികാട്ടിവന്നതും
തിരുമധുരം തന്നതും
കോപം പുത്തതും
നീ മറന്നോ



യതിയ കൃഷ്ണ

## ജീവന്റെ ശ്വാസങ്ങൾ

ഗവണ്മെന്റ് സ്കൂൾ
മാല്ഗുഡിയുടെ മുറ്റത്ത്
വര്ഷങ്ങളായി
നിലകൊള്ളുന്ന ഒരു
മുത്തശ്ശി മാവ് .
ഒരിക്കൽ അവിടുത്തെ
ഹെഡ്മാസ്റ്റർ ആ
മുത്തശ്ശി മാവിനെ വെട്ടി
കളയാൻ
തീരുമാനിക്കുന്നു
ഇതുകേട്ട മുത്തശ്ശി മാവ്
വളരെയധികം
സങ്കടപ്പെടുന്നു .അന്ന്
മാവിൽ വസിക്കുന്ന
അണ്ണാൻ കുഞ്ഞു തീറ്റ
തേടി മടങ്ങി വന്ന
സമയം 'അമ്മ
മാവിനോടു
സങ്കടത്തിന്റെ
കാരണം അന്വേഷിച്ചു
തന്നെ വെട്ടി മാറ്റാൻ
തീരുമാനിക്കുന്ന
കാര്യം അണ്ണാനോട്
മാവ് വിഷമത്തോടെ
പറഞ്ഞു .ഇതുകേട്ട
അണ്ണാൻ കുഞ്ഞിനും
വിഷമം സഹിക്കാൻ
പറ്റിയില്ല തന്റെ
വാസസ്ഥലം ഇനിയില്ല
ഇനി പുതിയ ഒന്ന്
തേടണം പക്ഷെ തന്റെ
ഈ കുഞ്ഞു മകനെ
കൊണ്ട് അണ്ണാൻ
ഇങ്ങോട്ടേക്ക് മാറും
എന്നായി അവന്റെ
ദുഃഖം .മുത്തശ്ശി മാവ്
പറയുന്ന ഇത്രെയും
നാൾ ഈ സ്കൂളിലെ
വിദ്യാർത്ഥികൾക്ക്
മാമ്പഴവും തണലും
ഒക്കെ നൽകിയാലും
താൻ ഒരിക്കൽ
ആർക്കും
വേണ്ടാത്തവളായി
മാറും എന്ന് തനിക്ക്
നേരത്തെ
അറിയാമായിരുന്നു

അങ്ങനെ ആ ദിവസം
വന്നെത്തി മാവിലെ
എല്ലാ
ജീവജാലങ്ങളെയും
കണ്ണീരിലാഴ്ത്തി ആ
മാവിനെ അവർ മുറിച്ചു
വീഴ്ത്തി .എന്നാൽ
പിന്നീടുള്ള ദിവസങ്ങൾ
ചുട്ട്ക്കുടുതൽ മൂലം ആ
സ്കൂളിലെ
വിദ്യാർത്ഥികൾക്കും
അധ്യാപകർക്കും
സഹിക്കാൻ പറ്റാത്ത
അവസ്ഥ ആയി
കളിക്കുന്ന
സമയങ്ങളിൽ ,പഠിപ്പി
ക്കുന്ന
സമയങ്ങളിൽ ,ഉച്ച
ഭക്ഷണ
സമയങ്ങളിലൊക്കെ
ആ മരം ആയിരുന്നു
അവർക്ക് തണൽ
എകിയിരുന്നത് .തേൻ
നുകരുന്ന മാമ്പഴങ്ങൾ
നഷ്ടപ്പെട്ടുവെങ്കിലും
ആ മാവ് അവർക്ക്
പ്രിയപ്പെട്ടതായിരുന്നു .
കണ്ണുള്ളപ്പോൾ
കണ്ണിന്റെ വില
അറിയിയല്ലോ എന്ന്
പറയുന്നത് എത്രയോ
ശെരിയാണ്



റ്റാനിയ മരിയ

# പുഴ

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായി
പുലരിയെ കണ്ണട-
ച്ചേറ്റുവാങ്ങിടേണം.

ചില നേരമാ ഗാഢ
മൗനവും,നീലിച്ച
നിലാവിന്റെ പൂക്കളും
ചേർത്തുവെച്ചീടണം.

അതുപോൽ നിരർത്ഥക-
മെങ്കിലും കൂരിരുൾ
കുത്തിയൊലിച്ചുപോയ്
മടക്കാത്തിപുഴ

അസ്ന യൂസഫ്

## പ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ചുള്ള 5 വസ്തുതകൾ

പ്രതിവർഷം 300 ദശലക്ഷം ടൺ പ്ലാസ്റ്റിക്ക് നിർമ്മിക്കപ്പെടുന്നു. ഇത് ലോകത്തിലെ എല്ലാ മുതിർന്നവരുടെയും ഭാരത്തിന് തുല്യമാണ്.

കടൽത്തീരത്തെ മാലിന്യങ്ങളിൽ 73 ശതമാനവും പ്ലാസ്റ്റിക് കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

ലോകമെമ്പാടും ഓരോ മിനിറ്റിലും 1 ദശലക്ഷം പ്ലാസ്റ്റിക് കുപ്പികൾ വാങ്ങുന്നതായാണ് റിപ്പോർട്ട്.

ഒറ്റത്തവണ ഉപയോഗിക്കുന്ന മിക്ക പ്ലാസ്റ്റിക് ബാഗുകളും 12 മിനിറ്റ് മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

പിന്നീട് അത് വിഘടിക്കാൻ 1000 വർഷമെടുക്കും.

**അലീന ജോർജ്**

# സ്വപ്നം

**സ്വപ്നങ്ങളുടെ ഭാണ്ഡകെട്ടഴിച്ചപ്പോൾ**
**എനിക്കൊരു പൊൻതുവൽ കൈയിലുടക്കി;**
**എന്നോ നെയ്തുകൂട്ടിയ സ്വപ്നം -**
**ഇന്നും പൊന്നുവലായി,**
**പപ്രഭ ചൊരിയാതെ നിലകൊള്ളുന്ന**
**സ്വപ്നമേ! നിന്നെയാരും കാണാതെ;**
**ആ ഭാണ്ഡകെട്ടിൽ വീണ്ടുമൊളിപ്പിച്ചോട്ടെ?**
**ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ**

**നിസി കെ തോമസ്**

# കാക്കയുടെ അത്യാഗ്രഹം*

പണ്ട് വാരണാസിയിലെ ജനങ്ങൾക്ക് പക്ഷികളെ വലിയ ഇഷ്ടമായിരുന്നു. എല്ലാ ജനങ്ങളും അവരുടെ വീടുകളിൽ ഒരോ പക്ഷികൾക്ക് കൂടുകൾ ഉണ്ടാക്കി കൊടുക്കുകയും നന്നായി പരിപാലിക്കുകയും ചെയ്തു. ആരും അവയെ ഉപദ്രവിക്കുകയുമില്ല. പക്ഷികളും ജനങ്ങൾക്ക് ആർക്കും ഉപദ്രവവും ഉണ്ടാകാതെ വളരെ ശ്രദ്ധയോടെ സുഖമായി ജീവിച്ചു. അങ്ങനെ ഒരു പാചകക്കാരന്റെ വീട്ടിലെ പക്ഷിക്കൂട്ടിൽ താമസിച്ചിരുന്നത് ഒരു പ്രാവായിരുന്നു. പ്രാവ് രാവിലെ ഇരതേടി പുറത്ത് പോകുകയും സന്ധ്യയാകുമ്പോൾ തിരിച്ചെത്തുകയും ചെയ്യും. ആ പ്രാവും വീട്ടുകാർക്ക് ഒരു ഉപദ്രവവും ഉണ്ടാക്കാതെ വളരെ ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം അത്യാഗ്രഹിയായ ഒരു കാക്ക പ്രാവിനെ ശ്രദ്ധിച്ചു. കാക്ക വിചാരിച്ചു, "പ്രാവിൻ്റെ കൂടെ ചങ്ങാത്തം കൂടിയാൽ അതിൻ്റെ കൂട്ടിൽ താമസിച്ച് ആ പാചകക്കാരന്റെ വീട്ടിൽ നിന്ന് വിഭവസമൃദ്ധമായ ഭക്ഷണം ആരും അറിയാതെ മോഷ്ടിച്ച് കഴിക്കാം."

അന്ന് മുതൽ കാക്ക പ്രാവിൻ്റെ ഒപ്പം പറക്കാൻ തുടങ്ങി പ്രാവിൻ്റെ ഒപ്പം കൊത്തിപ്പെറുക്കി ആഹാരം കഴിക്കുകയും അവനുമായി ചങ്ങാത്തം കൂടുകയും ചെയ്തു. സന്ധ്യയ്ക്ക് പ്രാവ് തിരിച്ചു പോകാൻ തുടങ്ങിയപ്പോൾ കാക്ക ചോദിച്ചു, "ഞാൻ നിൻ്റെ കൂട്ടിൽ വന്ന് താമസിച്ചോട്ടെ." അപ്പോൾ പ്രാവ് പറഞ്ഞു, "ശരി, എന്നാൽ ഒരു കാര്യം നിൻ്റെ പഴയ സ്വഭാവം പുറത്തെടുക്കരുത്. എൻ്റെ യജമാനൻ വളരെ നല്ല മനുഷ്യനാണ്. അദ്ദേഹത്തിന് ഒരുപദ്രവവും ഉണ്ടാകരുത്, എന്നാൽ പോകാം."

അങ്ങനെ കാക്കയും പ്രാവിനൊപ്പം താമസമാക്കി. കുറെ ദിവസം പ്രാവിനൊപ്പം കാക്കയും രാവിലെ ഇരതേടി പുറപ്പെടും എന്നിട്ട് സന്ധ്യയാകുമ്പോൾ തിരിച്ച് കൂട്ടിലെത്തും. ഒരു ദിവസം പ്രാവ് ഇരതേടി പുറപ്പെടാൻ തുടങ്ങിയപ്പോൾ കാക്ക പ്രാവിനോട് പറഞ്ഞു," പ്രാവമ്മേ, എനിക്ക് തീരെ വയ്യ, ഇന്ന് ഞാൻ ഇവിടെ വിശ്രമിക്കാം, നീ പോയ്ക്കോ." അപ്പോൾ പ്രാവ് പറഞ്ഞു," എങ്കിൽ നീ വിശ്രമിച്ചോ ഞാൻ പോയി വരാം."അങ്ങനെ പ്രാവ് പറന്ന് പോയപ്പോൾ മുതൽ കാക്ക അടുക്കളയിലേക്ക് നോക്കി ഇരുന്നു. അപ്പോൾ പാചകക്കാരൻ ഒന്നാന്തരം മീൻ വറുത്തു വെയ്ക്കുകയായിരുന്നു. വറുത്ത മീൻ കഷണങ്ങൾ ഒരു പാത്രത്തിലാക്കി വച്ചിട്ട് പാചകക്കാരൻ പച്ചക്കറികൾ എടുക്കാൻ അടുത്ത മുറിയിലേയ്ക്ക് പോയി. ആ തക്കം നോക്കി കാക്ക അടുക്കളയിൽ കയറി ഒരു മീൻ വറുത്തത് എടുത്തു. എന്നാൽ അതും കൊണ്ട് പുറത്തു കടക്കാൻ ശ്രമിച്ചപ്പോൾ അവിടെ വച്ചിരുന്ന ഒരു പാത്രത്തിൽ കാക്ക അറിയാതെ തട്ടിയപ്പോൾ ആ പാത്രം നിലത്തു വീണു പൊട്ടി. പെട്ടെന്ന് പാചകക്കാരൻ ശബ്ദം കേട്ട് അടുക്കളയിലേക്ക് ഓടിയെത്തിയപ്പോൾ കണ്ടത് അടുക്കളയിൽനിന്ന് വറുത്ത മീൻ കൊത്തി പിടിച്ച് പുറത്തു കടക്കാൻ ശ്രമിച്ച കാക്കയെ ആണ്. പെട്ടെന്ന് അയാൾ ആ കാക്കയെ പിടിച്ച് അതിൻ്റെ രണ്ടു ചിറകുകൾ മുറിക്കുകയും അതിൻ്റെ കാൽ ഒടിക്കുകയും മുറിവിൽ മുളകുപൊടി പുരട്ടിയശേഷം കൂട്ടിലേയ്ക്ക് എറിയുകയും ചെയ്തു. സന്ധ്യയ്ക്ക് പ്രാവ് മടങ്ങി വന്നപ്പോൾ കൂട്ടിൽ കിടക്കുന്ന കാക്കയുടെ അവസ്ഥ കണ്ട് അവൾ ഞെട്ടിപ്പോയി. പെട്ടെന്ന് കാക്കയിൽ നിന്നും ഉണ്ടായ കാര്യങ്ങളെല്ലാം കേട്ടപ്പോൾ പ്രാവിന് സഹിക്കാൻ കഴിഞ്ഞില്ല. പ്രാവ് അപ്പോൾതന്നെ കൂടുപേക്ഷിച്ച് അവിടെ നിന്ന് പറന്നു പോയി. കൂട്ടിൽ കിടന്ന് കാക്ക നീറ്റലും വേദനയും കൊണ്ട് നരകിച്ച് ചാകുകയും ചെയ്തു.

**നാരായണി അരുൺ**

# ശാസ്ത്ര സാങ്കേതിക വിദ്യ

മനുഷ്യ നാഗരികതയ്ക്ക് പതിനായിരം വർഷത്തിലേറെ പഴക്കമുണ്ട്, ശാസ്ത്രവും സാങ്കേതികവിദ്യയും ചരിത്രത്തിലുടനീളം വ്യത്യസ്ത രീതികളിൽ നിലവിലുണ്ട്. സയൻസ് ആൻഡ് ടെക്നോളജി എന്ന ആശയം നമുക്ക് ചുറ്റുമുള്ള എല്ലാത്തിനും പുതിയ അർത്ഥവും യുക്തിസഹവും നൽകുകയും പുതിയ സാധ്യതകളിലേക്ക് നമ്മുടെ മനസ്സ് തുറക്കുകയും ചെയ്യുന്നു എന്ന് പറയാം. ഇന്ന് നാം ആസ്വദിക്കുന്ന എല്ലാ സൗകര്യങ്ങളോടും കൂടി നമ്മുടെ ആധുനിക ലോകത്തിൻ്റെ വികസനത്തിന് ശാസ്ത്രജ്ഞർ വളരെയധികം സംഭാവന ചെയ്തിട്ടുണ്ട്. സമർത്ഥരായ ആളുകൾ കാലക്രമേണ ശാസ്ത്രത്തിൻ്റെ ആശയങ്ങൾ കണ്ടെത്തി, അത് ചെയ്യുന്നതിലൂടെ, അവർ ജീവിത നിലവാരം വളരെയധികം ഉയർത്തി. കമ്പ്യൂട്ടർ സംവിധാനങ്ങൾ, ടെലിഫോണുകൾ, ടെലിവിഷൻ, വിമാനങ്ങൾ തുടങ്ങി നിരവധി കണ്ടുപിടിത്തങ്ങൾ ലോകത്തിലെ എല്ലാവരെയും സുഗമമാക്കി, ഈ കാര്യങ്ങൾ നിരവധി അവസരങ്ങൾ തുറന്നു. എപ്പോഴും അപ്രാപ്യമെന്ന് തോന്നിയ കാര്യങ്ങൾ അവർ സാധ്യമാക്കി. ശാസ്ത്രസാങ്കേതികവിദ്യയുടെ രീതികളും ദരിദ്രരും അവികസിതവുമായ രാജ്യങ്ങളെ വിഭവങ്ങളാൽഅഭിവൃദ്ധിക ളാക്കി

ശാസ്ത്രം ഒരു ആശയമാണ്, ശാസ്ത്രം എന്ന ആശയം പ്രായോഗിക ലോകത്ത് എങ്ങനെ പ്രയോഗിക്കുകയും ഉപയോഗിക്കുകയും ചെയ്യണമെന്ന് സാങ്കേതികവിദ്യയെ കണക്കാക്കുന്നു. നമുക്ക് ചുറ്റും കാണുന്നതെല്ലാം ശാസ്ത്ര സങ്കൽപ്പങ്ങളിൽ പ്രവർത്തിക്കുന്ന ഒരു സാങ്കേതികവിദ്യയാണ്. അനേകം ആളുകളും രാജ്യങ്ങളും ഇത്തരം സാങ്കേതികവിദ്യകളിലൂടെ തങ്ങൾക്ക് ലഭ്യമായ വിഭവങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. ശാസ്ത്രത്തിൻ്റെയും സാങ്കേതികവിദ്യയുടെയും സാന്നിധ്യം നമ്മുടെ ലോക സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തമാക്കുകയും ധാരാളം ആളുകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുകയും ചെയ്തു. അത്തരം സാങ്കേതികവിദ്യകളിലൂടെ പ്രദാനം ചെയ്യുന്ന വിഭവങ്ങളിൽ പല



വ്യവസായങ്ങളും അഭിവൃദ്ധി പ്രാപിക്കുന്നു, ഇത് ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിച്ചു. സാങ്കേതികവിദ്യയുടെ സാന്നിധ്യം ഈ ലോകത്ത് എല്ലായിടത്തും ഉണ്ട്. ഇന്നത്തെ ബിസിനസ്സുകളിൽ, എല്ലാം സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് നടത്തുന്നത്, ഉദാഹരണത്തിന്, വിശകലനം, സ്റ്റാറ്റ് മാനേജ്മെൻ്റ്, കൂടാതെ മറ്റു പല കാര്യങ്ങളും. അക്കാദമിക് ലോകത്തും ശാസ്ത്രത്തിന് ധാരാളം ഉപയോഗങ്ങളുണ്ട്. സമീപകാല COVID-19 പാൻഡെമിക്കിന് ശേഷം, എല്ലാ വിദ്യാഭ്യാസ വശങ്ങളും ഡിജിറ്റലായി മാറിയിരിക്കുന്നു, കൂടാതെ ലോകമെമ്പാടുമുള്ള അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ നിരീക്ഷിക്കാൻ കഴിയും.

**മിർസാന മുഹമ്മദ്**

# മനസ്സ് – മാറ്റങ്ങളുടെ കാലം

ചെറു കാറ്റലകൾക്ക് പോലുമേ
കടപുഴകി വീഴ്ത്താമെന്നായിരിക്കുന്നു....

ചുവന്ന പനിനീർ മലരിനേക്കാൾ മുള്ളുകൾ
സമ്മാനിക്കുന്ന ചുവപ്പൊരിഷ്ടമായി
തീർന്നിരിക്കുന്നു....
നിറക്കൂട്ടുകൾ വാരി ചാർത്തിയ പൂവിലും
പൂമ്പാറ്റയിലും ആകൃഷ്ടമാകാതെ മനസ്
കരിഞ്ഞുണങ്ങിയ പുൽനാമ്പുകളെ തഴുകുന്നു....
പുഴയുടെ കളകളാരവമെത്ര അലോസരമാണ്
വറ്റി വരണ്ട പുഴയോരത്തിരുന്നു
കഥ മെനയാൻ, കവിത ചൊല്ലാൻ തോന്നുന്നു....
സൂര്യോദയമെത്രയോ കണ്ടു മടുത്തിരിക്കുന്നു....
അസ്തമയത്തെ മാത്രമുറ്റു നോക്കുന്നു....
മഴ പെയ്യുന്നുവെങ്കിൽ പേമാരി മതി
നിലയ്ക്കാത്ത പേമാരി....
മിഴി തോരാതെ പെയ്യട്ടെ...
ഉള്ളിലുയരുന്ന തേങ്ങലുകൾ
മഴാരവത്തിലലിഞ്ഞു
പൊട്ടിച്ചിരിയുടെ അലകളുയർത്തട്ടെ.....

**ദേവിക സജി**

# വെള്ളപ്പൊക്കം 2018



സഫ്ന യൂസഫ്

# NUMBER PATTERN

10
1010
101010
10101010
1010101010
101010101010
10101010101010
1010101010101010
101010101010101010
10101010101010101010
1010101010101010101010
101010101010101010101010
10101010101010101010101010
1010101010101010101010101010

**സ്വാലിഹ കെ എസ്**

ഉപന്യാസം

## പ്രകൃതി ദുരന്തങ്ങളുടെ കാരണങ്ങൾ

മരമില്ലെങ്കിൽ മണ്ണില്ല
മണ്ണില്ലെങ്കിൽ മനുഷ്യനില്ല
എന്നതാണ് യാഥാർത്ഥ്യം .
പക്ഷെ ആ യാഥാർഥ്യത്തെ
മറക്കാനും
മനസ്സിലാക്കാതിരിക്കാനും
ഒക്കെ മനുഷ്യൻ
ശ്രമിക്കുന്നിടത്താണ്
മനുഷ്യന്റെ അന്ത്യം
ആരംഭിക്കുന്നത് .
പണത്തിനു വേണ്ടി
മണ്ണിനെയും പ്രകൃതിയെയും
ദ്രോഹിക്കാൻ ഇന്നത്തെ
തലമുറയ്ക്ക് വലിയ
ഇഷ്ടമാണ്എന്നാൽ ആ
ഇഷ്ടം ഒടുവിൽ മനുഷ്യനെ
നാശത്തിലേക്ക് നയിക്കും
2018
ൽ കേരളം കണ്ട പ്രളയം
എന്തിന്റെ പ്രത്യാഘാതം
ആയിരുന്നു എന്നത്
എല്ലാവര്ക്കും ഒരേപോലെ
അറിയാവുന്ന ഒരു നഗ്നമായ
സത്യമാണ് .
എന്നാൽ ആ സത്യത്തെ
ഉൾകൊള്ളാൻ ആരും
തയ്യാറാകുന്നില്ല എന്നത്
മറ്റൊരു സത്യം .

ജീവന്റെ നിലനിൽപ്പിനു
ആവശ്യം വേണ്ട വായു
മലിനപ്പെടുത്തിക്കൊണ്ടിരിക്ക
കയാണ് .വർദ്ധിച്ചു വരുന്ന
വാഹനങ്ങൾ ,വ്യവസായ
സ്ഥാപനങ്ങൾ ,ഫാക്ടറികൾ
മുതലായവയിൽ നിന്നുള്ള
ദുഷിച്ചവാതകങ്ങൾ യാതൊര
നിയന്ത്രണവും ഇല്ലാതെ
അന്തരീക്ഷത്തിൽ തുറന്നു
വിടുന്നതുകൊണ്ട് നമ്മുടെ
ജീവവായു മലിനമാക്കുന്നു.ഇ
സ്ഥിതി തുടർന്നാൽ
മനുഷ്യർക്ക് ജീവിക്കാൻ
പറ്റാത്ത അവസ്ഥയിലേക്ക്
നമ്മുടെ നാട് മാറും
അതിനാൽ മരങ്ങളുടെ
ആവശ്യകത വളരെ
കൂടുതലാണ് .തണൽ
നൽകാനും ,ശുദ്ധ വായു
മണ്ണൊലിപ്പ് തടയാനും, മഴ
ലഭിക്കാനുമൊക്കെ
വൃക്ഷങ്ങൾ നമ്മെ
സഹായിക്കുന്നു അതിനാൽ
മരങ്ങൾ നട്ടുപിടിപ്പിക്കുന്നതു
മൂലം ഒരു പരിധി വരെ ഈ
പ്രശ്നങ്ങളെ നമുക്ക് തരണം
ചെയ്യാൻ സാധിക്കും



ജെസ്ന റോജി ജോൺ

# കുസൃതി ചോദ്യം

* പെട്ടെന്ന് പൊക്കം വെക്കാനുള്ള എളുപ്പവഴി ?
പൊക്കം കുറഞ്ഞവരുടെ കൂടെ നിൽക്കുക

* ആരും ആഗ്രഹിക്കാത്ത പണം ?
ആരോപണം

* ആരും ഇഷ്ട്ടപ്പെടാത്ത ദേശം ?
ഉപദേശം

* അടിവെച്ച്‌ അടിവെച്ച്‌ കയറ്റം കിട്ടുന്ന ജോലി ?
തെങ്ങുകയറ്റം

* ശബ്ദം ഉണ്ടാക്കിയാൽ പൊട്ടുന്ന ലെൻസ് ?
സൈലെൻസ്

* ജനനം മുതൽ മരണം വരെ കുളിച്ചുകൊണ്ടിരുന്ന ജീവി ?
മീൻ

* വിശപ്പുള്ള രാജ്യം ?
ഹംഗറി

* കടയിൽ നിന്നും വാങ്ങാൻ പറ്റാത്ത ജാം ?
ട്രാഫിക് ജാം

* ധാരാളം ആളുകൾ കൂടുന്ന ഇംഗ്ലീഷ് അക്ഷരം ?
ക്യൂ

**അനന്ന സതീഷ്**

# മഴ




രാത്രിവീണയുമായി, ഏകാകിയാം
യാത്രികൻ വന്നു വീണ്ടുമീ കർക്കടം എത്രയെത്രയോ
കാലമായെങ്കിലും
അല്പനാൾ മുമ്പിലെന്നപോൽ ജന്നലിൽ ഒറ്റമിന്നലിൽ വീണ്ടും
പഴയ ഞാൻ....





അതുല്യ
അനിൽകുമാർ







**ജാനകി രാജേഷ്**

# ഇലവുമരം

അനേകംമൃഗങ്ങളുംപക്ഷികളും മരങ്ങളും തിങ്ങിനിറഞ്ഞൊരു കാട് .കാടിനു നടുവിലായി ഒരു ഇലവുമരമുണ്ടായിരുന്നു. പക്ഷികളെല്ലാംകൂടുകൂട്ടിയിരുന്നത്ഇലവുമരത്തിലായിരുന്നു . പക്ഷെ ഇല വുമരത്തിനു പക്ഷികളുടെ ചില കാരണം പൊറുതിമുട്ടി.ഇലവുമരംപക്ഷികളെയെല്ലാംഓടിക്കാൻ തീരുമാനിച്ചു.അവിടെയുള്ളമറ്റുമരങ്ങളെല്ലാം ഇലവുമരത്തിന് അനുകൂലമായിരുന്നു .ഒരു ശക്തമായ കാറ്റ് വീശിയപ്പോൾ മരങ്ങളെല്ലാംഅവയുടെശിഖരങ്ങൾശക്തമായി ഉലച്ചു.പക്ഷികളെല്ലാം പേടിച്ചോടി.കാട് ശാന്തമായി .കുറച്ചു ദിവസങ്ങൾക്കുശേഷംഇലകളിലെല്ലാംകീടങ്ങൾമുട്ടയിട്ടു.പുഴു ക്കൾപച്ചിലകളെല്ലാംകാർന്നുതിന്നു.ഇലകളെല്ലാം ഇല്ലാതായി.വേനലായപ്പോൾ ഇലകൾ നഷ്ട്ടപ്പെട്ട മരങ്ങൾകരിഞ്ഞുണങ്ങി.അപ്പോഴാണ്ചെയ്ത്തിന്റെഫലംഇ ലവുമരത്തിനും കൂട്ടർക്കുമനസ്സിലായത്.

**അഞ്ജന ബിനു**

# അമ്പിളി അമ്മാവൻ





അമ്പിളിയമ്മാവാ തിരിഞ്ഞു നിന്നൻ-
പിന്നോടൊന്നു ചെല്ല്
എങ്ങുപോകുന്നിവണ്ണം നീ തനിച്ചങ്ങുഞാനും വരട്ടോ?
നേരമിരുട്ടിയല്ലോതനിച്ചയോ
പേടിയില്ലേ നടപ്പാൻ?
കൂട്ടിനായ് വന്നിടാം-ഞാൻ നല്ലനല്ല
പാട്ടുകൾ പാടിടാം ഞാൻ
താരകപെൺമണികൾ നടുവിൽ നീ
രാജനായ് വാണീടുമ്പോൾ
താണവരോടുമിണ്ടാൻ നിനക്കൊരു-
നാണമാകുന്നതുണ്ടോ?
വെള്ളിത്തളികപോലെ മാനത്തു നീ
മിന്നിത്തിളങ്ങുന്നല്ലോ?
വല്ലതും തന്നിടാമോ വിശക്കുന്നു
കൂടെ ഞാനും വരട്ടോ?

**ആഷിമ അനീഷ്**

# SMILE



A smile can change your mind
It can get you friend who is kind
It's up[to you whether you smile
Let it last for a while

Your smile may cheer someone
it may bring lauhter and fun
So smile whenever you can..
And  add a world for everyone





ജോഷിന ബിനു

# ബാലവേല




നിവ്യ അന്ന ജോർജ്

# കാവ്

**മനസ്സ് കാട് പിടിച്ചു കിടന്നു**
**അത്** വെട്ടിത്തെളിച്ച്
ചെമ്പകം വെച്ചു
ചെമ്പകം കായിട്ട്
പൂവിരിഞ്ഞ്
പരിമളം എത്തിയപ്പോഴേക്കും
ഒരു കിളി കൂടുവെച്ചു
ഒരുനാൾ-
കൂട് തട്ടിയുടച്ച്
കുഞ്ഞുമായി പറന്നു
കാട്
കാവായി
കാവിൽ
കവിത വിരിഞ്ഞു
കല്പാന്തകാലത്തോളം...........





ഗായത്രി നായർ

# ഓർമ്മകൾ

ഇത് എന്നിലെ മരിക്കാത്ത ഓർമ്മയുടെ വേരുകളിലേക്ക് ഇന്നും അപ്രതീക്ഷിതമായി പെയ്തിറങ്ങുന്ന മഞ്ഞുതുള്ളി ഒരു മങ്ങിയ നിശ്ചലച്ചിത്രം പോലെ നീണ്ട മൗനത്തിന്റെ ഇടനാഴിയിൽ ഘ നീ ഭവിച്ച നനത്ത സ്പർശം അല്ലെങ്കിൽ ഒരു കൊച്ചു നൊമ്പരം ഓർമ്മയിൽ നോവുന്നത് മറക്കാൻ കഴിയുമോ ഓർമ്മകൾ ചിലപ്പോൾ നിശബ്ദങ്ങളാവാം ശബ്ദങ്ങൾ ആവാം ഓർമ്മകൾ ചിലപ്പോൾ നൊമ്പരങ്ങൾ ആകാം സ്വാന്തനങ്ങളും ഓർമ്മകൾ ബാല്യത്തിന്റെ പൂക്കാലം ആവാം കൗമാരത്തിന്റെയും യൗവനത്തിന്റെയും ദുഃഖ സ്പന്ദനങ്ങളും പ്രതീക്ഷകളും ആവാം. ഓർമ്മകൾക്ക് മരണമില്ല ഓർമ്മയിലെ നിറവും മണവും സ്വന്തം മാത്രമാണ് എന്നും....

ആഫിയ കെ എച്ച്

"പ്രകൃതിയെ നശിപ്പിക്കരുതേ പ്രക്രതി നമ്മുടെ പെറ്റമ്മയാണേ "

ഒരു ജീവന്റെ നിലവിളി



മനുഷ്യന്റെ അനിയന്ത്രിതമായ

കൈകടത്തൽ അശാസ്ത്രീയമായ

പ്രവർത്തനങ്ങൾ പ്രകൃതിദുരന്തങ്ങൾക്ക്

കാരണമാകുന്നു.

ആര്യലക്ഷ്മി




# മരങ്ങൾ മനുഷ്യനന്മക്ക്

വേനലിൽ വാടാൻ
പോകുന്ന ചെടികൾക്ക്
സൗഹൃദം എന്ന പേരിൽ
അടുത്തൊരു മരമുണ്ട്
കാറ്റിൽ ശൃംഗാരം ചേർത്ത
പരിപാലിച് കാലനെ
രൗദ്രമായ് അകറ്റി പരിഹസിച്
തന്പതി ബാഹുല്യം
പകർന്ന് തോഴനായ്
അസ്ഥിവാരം ചേർന്ന്




**അനന്യ കെ എസ്**

# മനസ്സ് – മാറ്റങ്ങളുടെ കാലം

ചെറു കാറ്റലകൾക്ക് പോലുമേ
കടപുഴകി വീഴ്ത്താമെന്നായിരിക്കുന്നു....
ചുവന്ന പനിനീർ മലരിനേക്കാൾ മുള്ളുകൾ
സമ്മാനിക്കുന്ന ചുവപ്പൊരിഷ്ടമായി തീർന്നിരിക്കുന്നു....
നിറക്കൂട്ടുകൾ വാരി ചാർത്തിയ പൂവിലും
പൂമ്പാറ്റയിലും ആകൃഷ്ടമാകാതെ മനസ്
കരിഞ്ഞുണങ്ങിയ പുൽനാമ്പുകളെ തഴുകുന്നു....
പുഴയുടെ കളകളാരവമെത്ര അലോസരമാണ്
വറ്റി വരണ്ട പുഴയോരത്തിരുന്നു
കഥ മെനയാൻ, കവിത ചൊല്ലാൻ തോന്നുന്നു....
സൂര്യോദയമെത്രയോ കണ്ടു മടുത്തിരിക്കുന്നു....
അസ്തമയത്തെ മാത്രമുറ്റു നോക്കുന്നു....
മഴ പെയ്യുന്നുവെങ്കിൽ പേമാരി മതി
നിലയ്ക്കാത്ത പേമാരി....
മിഴി തോരാതെ പെയ്യട്ടെ...
ഉള്ളിലുയരുന്ന തേങ്ങലുകൾ
മഴാരവത്തിലലിഞ്ഞു
പൊട്ടിച്ചിരിയുടെ അലകളുയർത്തട്ടെ.....

നെസ്മിൻ ഷാജി

## കൗതുകലോകത്തിലേക്ക്

* ഒരു സെക്കൻഡിൽ 120 മീറ്റർ വേഗത്തിലാണ് നമ്മുടെ നാഡീ കോശങ്ങളിലൂടെ സന്ദേശങ്ങൾ സഞ്ചരിക്കുക സമുദ്രത്തിൽ വേലിയേറ്റവും വേലിയിറക്കം ഉണ്ടാകുന്നതിന് കാരണം ചന്ദ്രന്റെയും സൂര്യന്റെയും ഗുരുത്വാകർഷണബലം ഭൂമിയിൽ അനുഭവപ്പെടുന്നതാണ്

* സ്വന്തം അച്ചുതണ്ടിൽ ഒരുതവണ കറങ്ങാൻ ചന്ദ്രന് 27 ദിവസം വേണം

* സൂര്യകാന്തി പൂക്കൾ സൂര്യനു നേരെ നോക്കി നിൽക്കുന്നതിന് കാരണം സൂര്യകാന്തി ചെടികളിലെ ഓക്സിൻ എന്ന ഹോർമോൺ ആണ്.സൂര്യപ്രകാശം തീരെ ഇഷ്ടമില്ലാത്ത ആളാണ് ഓക്സിൻ.

* ശ്രദ്ധയോടെ ജോലി ചെയ്യുമ്പോൾ ചിലർ നാവ് കടിക്കുന്നത് എന്തുകൊണ്ട്? നമ്മുടെ നാവിന് ഒരു സ്വഭാവമുണ്ട് അത് വായിൽ അടങ്ങിയിരിക്കില്ല വായക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും നീങ്ങും ഈ നീക്കത്തിനനുസരിച്ച് നാഡികൾ തലച്ചോറിലേക്ക് സന്ദേശങ്ങൾ എത്തിച്ചു കൊണ്ടിരിക്കും കണക്ക് ചെയ്യുമ്പോഴും ചിത്രം വരയ്ക്കുമ്പോഴും മറ്റും നാവിന്റെ ചലനം വഴി വരുന്ന വലിയ അളവ് ഡാറ്റ കൂടി കൈകാര്യം ചെയ്യാൻ തലച്ചോറിന് അല്പം ബുദ്ധിമുട്ടായിരിക്കും എന്നാൽ നാവ് പുറത്തേക്ക് അല്പം നീട്ടി പല്ലുകൾക്കിടയിൽ ലോക്ക് ആക്കിയാലോ നാവിന്റെ ചലനം നിലയ്ക്കും ജോലിയിൽ തലച്ചോറിന് കൂടുതൽ ശ്രദ്ധ കൊടുക്കാനും പറ്റും .

* ഗാഢമായി ചിന്തിച്ചുകൊണ്ട് നടക്കുമ്പോൾ നടപ്പിന് വേഗത കുറയുന്നതിന് കാരണമെന്ത്? നടക്കുമ്പോൾ ശരീരം നിയന്ത്രണം നടത്തുന്ന തലച്ചോറിന്റെ ഭാഗം തന്നെയാണ് ചിന്തിക്കാനും ഉപയോഗിക്കുന്നത് അതിനാലാണ് നടപ്പിന് വേഗം കുറയുന്നത് രണ്ട് ജോലികൾ ഒരേസമയം ചെയ്യുമ്പോൾ ഒന്നിന് വേഗം കുറയും.

* കാർബൺ അടങ്ങിയ ഭക്ഷ്യവസ്തുക്കൾ കറുത്തിരിക്കാത്തത് എന്തുകൊണ്ട്? അരി,ഗോതമ്പ്,പഞ്ചസാര തുടങ്ങി മനുഷ്യൻ കഴിക്കുന്ന മിക്ക ഭക്ഷ്യവസ്തുക്കളും കാർബൺ സംയുക്തങ്ങളാണ്. പക്ഷേ ഇതൊന്നും കറുത്ത നിറത്തിൽ ഉള്ളവയല്ല അതിനൊരു കാരണമുണ്ട് കാർബൺ അതിന്റെ മൂലകരൂപത്തിൽ അല്ല ഈ ഭക്ഷ്യവസ്തുക്കളിൽ ഉള്ളത് കാർബണിനൊപ്പം ജലത്തിലെ ഹൈഡ്രജനും ഓക്സിജനും ചേർന്ന് രൂപപ്പെടുന്ന കാർബോഹൈഡ്രേറ്റ് എന്ന സംയുക്തങ്ങളായാണ് ഭക്ഷ്യവസ്തുക്കളിൽ കാർബൺ ഉള്ളത്.

* നായ്ക്കളുടെ മൂക്കിന് കറുപ്പ് നിറം എന്തുകൊണ്ട്? സൂര്യപ്രകാശത്തിൽ നിന്ന് നായ്ക്കളുടെ മൂക്കിനെ രക്ഷിക്കാനാണ് കറുപ്പ് നിറം. മനുഷ്യൻ അടക്കം ഒട്ടുമിക്ക ജീവികളുടെ ശരീരത്തിലെ വർണ്ണ വസ്തുവാണ് മെലാനിൻ ചർമം, മുടി, കണ്ണ് തുടങ്ങിയ ഭാഗങ്ങൾക്കെല്ലാം നിറം നൽകുന്നത്.

ആര്യ കൃഷ്ണൻ

# മെഷീൻ ഭാഷ

കമ്പ്യൂട്ടറുകൾക്ക് മനസ്സിലാകുന്ന ഒരു താഴ്ന്ന നിലയിലുള്ള പ്രോഗ്രാമിംഗ് ഭാഷയാണ് മെഷീൻ ഭാഷ. മെഷീൻ ഭാഷ ബൈനറി ബിറ്റുകൾ 0 ഉം 1 ഉം ചേർന്നതാണ്. മെഷീൻ ഭാഷയെ മെഷീൻ കോഡുകൾ അല്ലെങ്കിൽ ഒബ്ജക്റ്റ് കോഡ് എന്നും വിളിക്കുന്നു. യന്ത്രഭാഷയിൽ 0 ഉം 1 ഉം മാത്രമുള്ളതിനാൽ, അസംസ്കൃത രൂപത്തിൽ മനസ്സിലാക്കാൻ പ്രയാസമാണ്. യന്ത്രഭാഷ മനുഷ്യർക്ക് മനസ്സിലാകില്ല. സിപിയു ഈ മെഷീൻ കോഡ് ഇൻപുട്ടായി പ്രോസസ്സ് ചെയ്യുന്നു.

മെഷീൻ ഭാഷയിലെ ബൈനറി ബിറ്റുകളുടെ അർത്ഥം:

മെഷീൻ ഭാഷകളിൽ കമാൻഡുകൾ നൽകാൻ ബിറ്റുകളുടെ ഒരു ശ്രേണി ഉപയോഗിക്കുന്നു.

1 (ഒന്ന് ) എന്നത് ശരിയോ ഓൺ സ്റ്റേറ്റുകളെയോ പ്രതിനിധീകരിക്കുന്നു.
മറുവശത്ത്, 0 സെ (പൂജ്യം) ഓഫ് അല്ലെങ്കിൽ തെറ്റായ അവസ്ഥകളെ പ്രതിനിധീകരിക്കുന്നു.
അതുകൊണ്ടാണ് യന്ത്രഭാഷകളുടെ ബൈനറി കോഡുകൾ ഒരു മനുഷ്യനും ഓർക്കാൻ കഴിയാത്തത്. തൽഫലമായി, ഈ ഭാഷകൾ പഠിക്കുന്നത് മനുഷ്യർക്ക് സാധ്യമല്ല.

മെഷീൻ ലാംഗ്വേജ് ഇൻസ്ട്രക്ഷൻ ഘടകങ്ങൾ

മെഷീൻ ഭാഷയിൽ രണ്ട് നിർദ്ദേശ ഘടകങ്ങൾ അടങ്ങിയിരിക്കുന്നു:

1. ഓപ്പറാൻറ്(കൾ)

ഓപ്പറാൻറ് (കൾ) പ്രവർത്തനം നടത്തേണ്ട ഡാറ്റയെ പ്രതിനിധീകരിക്കുന്നു. പ്രോസസ്സറിൻ്റെ ആർക്കിടെക്ചറിനെ ആശ്രയിച്ച് ഈ ഡാറ്റയ്ക്ക് വിവിധ രൂപങ്ങൾ എടുക്കാം. ഇത് ഒരു മൂല്യം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്ററോ, ഡാറ്റ സംഭരിച്ചിരിക്കുന്ന മെമ്മറിയിലെ ഒരു സ്ഥലത്തേക്ക് ചൂണ്ടിക്കാണിക്കുന്ന ഒരു മെമ്മറി വിലാസമോ അല്ലെങ്കിൽ നിർദ്ദേശത്തിൽ തന്നെ ഉൾച്ചേർത്ത ഒരു സ്ഥിരമായ മൂല്യമോ ആകാം.

2. ഒപ്കോഡ്

ഒപ്കോഡ് (ഓപ്പറേഷൻ കോഡ് ) പ്രോസസ്സർ ചെയ്യേണ്ട പ്രവർത്തനത്തെ പ്രതിനിധീകരിക്കുന്നു. സങ്കലനം, വ്യവകലനം, ഗുണനം അല്ലെങ്കിൽ വിഭജനം പോലുള്ള ഒരു ഗണിത പ്രവർത്തനമാണ് നിർദ്ദേശമെന്ന് ഇത് സൂചിപ്പിക്കുന്നു.

അൻസില സുബൈർ




മൃദുല മനോജ്

# നമ്പർ പാറ്റേൺ



1
12
123
1234
12345
123456
1234567
12345678
123456789
12345678910









**അശ്വതി സി കെ**




# എന്റെ പൂവ്

പൂവേ പൂവേ കൊഴിയല്ലേ ...
പൂന്തെന്നലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതുമഴയിൽ ഇതളു പൊഴിക്കല്ലേ
ഒരു ഇതളും പൊഴിക്കല്ലേ .

കാണാനെന്തൊരു ഭംഗി  ചന്തമേറും നിൻ ഇതളുകൾ
വണ്ടുകൾ പാറിനടക്കും നിൻ പൂന്തേനുണ്ണാൻ
ചുറ്റും പൂമണം പരത്തി മോഹിപ്പിക്കും
പൂവേ പൂവേ പോകല്ലേ







ജിസ്ന സണ്ണി

നന്ദി